27.07.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 14–03–06

# പരമാത്മ മിലനത്തിന്റെ അനുഭൂതിയ്ക്ക് വേണ്ടി തലകീഴായ ഞാൻ എന്ന ഭാവം കത്തിക്കുന്നതിന്റെ ഹോളി ആഘോഷിക്കൂ, ദൃഷ്ടിയാകുന്ന പീച്ചാങ്കുഴലിലൂടെ സർവ്വ ആത്മാക്കൾക്കും സുഖം,ശാന്തി,പ്രേമം, ആനന്ദത്തിന്റെ നിറം പിടിപ്പിയ്ക്കൂ.

ഇന്ന് ഹോളിയസ്റ്റ് ബാബ ഹോളി കുട്ടികളുമായിട്ടാണ് മിലനം ആഘോഷിക്കുന്നത്. നാനാഭാഗത്തുമുള്ള ഹോളി കുട്ടികൾ ദൂരെ ഇരുന്നാലും സമീപത്താണ്. ബാപ്ദാദ അങ്ങനെയുള്ള ഹോളി അർത്ഥം പവിത്രമായ കുട്ടികളുടെ മസ്തകത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന ഭാഗ്യത്തിന്റെ നക്ഷത്രത്തെ കാണുകയാണ്. മുഴുവൻ കല്പത്തിലും വേറെ ആരും ഇതുപോലെ മഹാൻ പവിത്രം ആകുന്നില്ല. ഈ സംഗമയുഗത്തിൽ പവിത്രതയുടെ വ്രതം എടുക്കുന്ന ഭാഗ്യവാന്മാരായ കുട്ടികൾ ഭാവിയിലും ഡബിൾ പവിത്രമാകുന്നു, ശരീരവും പവിത്രമായത്, ആത്മാവും പവിത്രം. മുഴുവൻ ചക്രംചുറ്റി കറങ്ങിയാലും എത്ര മഹാത്മാക്കൾ വന്നിട്ടുണ്ട്, പക്ഷെ ശരീരവും ആത്മാവും പവിത്രമായ ധർമ്മാത്മാക്കളും മഹാത്മാക്കളും വന്നിട്ടില്ല. ബാപ്ദാദയ്ക്ക് കുട്ടികളായ നിങ്ങളുടെ മേൽ അഭിമാനമുണ്ട്, ആഹാ! എന്റെ മഹാൻ പവിത്ര കുട്ടികളെ ആഹാ! ഡബിൾ പവിത്രം, വേറെ ആരും ഡബിൾ കിരീടധാരികൾ ആകുന്നില്ല, താങ്കൾ ശ്രേഷ്ഠ ആത്മാക്കളാണ് ഡബിൾ കിരീടധാരികൾ ആകുന്നത്. നമ്മുടെ ആ ഡബിൾ പവിത്രത, ഡബിൾ കിരീടധാരി സ്വരൂപം മുൻപിൽ വരുന്നുണ്ടല്ലോ! കുട്ടികളായ നിങ്ങളുടെ ഈ സംഗമയുഗത്തിലെ പ്രായോഗിക ജീവിതമാണ്, ഈ ജീവിതത്തിലെ വിശേഷതകൾ ഓരോന്നിന്റെയും ഓർമ്മചിഹ്നം ലോകത്തുള്ളവർ ഉത്സവത്തിന്റെ രൂപത്തിൽ ആഘോഷിക്കുകയാണ്.

ഇന്ന് നിങ്ങൾ എല്ലാവരും സ്നേഹത്തിന്റെ വിമാനത്തിൽ ഹോളി ആഘോഷിക്കുവാൻ വന്നെത്തിയതാണ്. ഹോളി ആഘോഷിക്കുവാൻ വന്നതല്ലേ! നിങ്ങൾ എല്ലാവരും സ്വന്തം ജീവിതത്തിൽ പവിത്രതയുടെ ഹോളി ആഘോഷിച്ചു, ശരീര ബോധത്തിലായത് കാരണം ഓരോ ആധ്യാത്മിക രഹസ്യങ്ങൾക്കും ലോകത്തുള്ളവർ സ്തൂലരൂപം കൊടുത്തു! താങ്കൾ ആത്മബോധത്തിലാണ്,ആധ്യാത്മിക ജീവിതം ജീവിക്കുന്നവരാണ്,അവർ ശരീര ബോധം ഉള്ളവരാണ്. എല്ലാം സ്തൂല രൂപത്തിലാക്കി. നിങ്ങൾ യോഗ അഗ്നിയിലൂടെ തന്റെ പഴയ സംസ്ക്കാരവും സ്വഭാവവും ഭസ്മമാക്കി, കത്തിച്ചു കളഞ്ഞു, ലോകത്തിലുള്ളവർ സ്ഥൂലമായ അഗ്നിയിൽ കത്തിക്കുന്നു. കാരണമെന്ത്? പഴയ സംസ്ക്കാരം കത്തിക്കാതെ പരമാത്മ കൂട്ടികെട്ടിന്റെ നിറം പിടിക്കുകയില്ല,പരമാത്മ മിലനത്തിന്റെ അനുഭവം ചെയ്യാൻ കഴിയില്ല.നിങ്ങളുടെ ജീവിതത്തിന് അത്രയ്ക്ക് മൂല്യമുണ്ട്,നിങ്ങളുടെ ഓരോ ചുവടും ഉത്സവ രൂപത്തിൽ ആഘോഷിക്കുന്നു. എന്ത് കൊണ്ട്? നിങ്ങൾ സംഗമയുഗം മുഴുവൻ ഉത്സാഹവും ഉന്മേഷവും നിറഞ്ഞ ജീവിതം ജീവിച്ചു. നിങ്ങളുടെ ജീവിതത്തിന്റെ ഓർമ്മചിഹ്നമായി ഒരു ദിവസത്തെ ഉത്സവം ആഘോഷിക്കുന്നു. എല്ലാവരുടെയും സദാ ഉത്സാഹവും, ഉന്മേഷവും സന്തോഷവും നിറഞ്ഞ ജീവിതമാണല്ലോ! ആണോ അതോ ഇടയ്ക്കിടയ്ക്ക് ആണോ? സദാ ഉത്സാഹം ഉണ്ടോ അതോ ഇടയ്ക്കിടയ്ക്ക് മാത്രമാണോ? സദാ ഉത്സാഹത്തോടെയിരിക്കുന്നു, സന്തോഷത്തിലാണ്, സന്തോഷം നമ്മുടെ ജീവിതത്തിന്റെ വിശേഷമായ പരമാത്മ സമ്മാനമാണ്, എന്ത് പറ്റിയാലും ബ്രാഹ്മണ ജീവിതത്തിന്റെ സന്തോഷവും,ഉത്സാഹവും,ഉന്മേഷവും നഷ്ടപ്പെടുകയില്ല. ഈ അനുഭവം ഉള്ളവർ കൈ ഉയർത്തൂ. ഓരോ കുട്ടിയുടെയും മുഖം സദാ സന്തോഷത്താൽ വിടർന്നിരിക്കുന്നത് കാണാനാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്, വേറെ ആരും നിങ്ങളെപ്പോലെ ഭാഗ്യവാന്മാർ ആയിട്ടില്ല,ആകാൻ കഴിയുകയുമില്ല. വ്യത്യസ്ത വിഭാഗങ്ങളിലുള്ളവർ ഇരിക്കുന്നുണ്ട്.അനുഭവിമൂർത്തിയാകാനുള്ള പ്ലാൻ സ്വയത്തിനു വേണ്ടി തയ്യാറാക്കിയോ?

ബാപ്ദാദയ്ക്കു സന്തോഷമുണ്ട്, ഇന്ന് ഇന്ന, ഇന്ന വിഭാഗമൊക്കെയാണ് വന്നിട്ടുള്ളത്, സ്വാഗതം. വന്നതിനു ആശംസകൾ. സേവനത്തിന്റെ ഉന്മേഷവും ഉത്സാഹവും നല്ലതായി ഉണ്ട്.ആദ്യം പക്ഷെ സ്വയത്തിന്റെ പദ്ധതി വേണം,പദ്ധതികൾ ഓരോ വിഭാഗക്കാരും ഒന്നിനൊന്നു മികച്ചതായി ഉണ്ടാകുന്നത് ബാപ്ദാദ കണ്ടു, വളരെ നന്നായി തയ്യാറാക്കുന്നുണ്ട്.ഒപ്പം സ്വഉന്നതിയുടെ പദ്ധതി തയ്യാറാക്കേണ്ടത് വളരെ ആവശ്യമാണ്. ബാപ്ദാദ ആഗ്രഹിക്കുന്നത് ഇതാണ് ഓരോ വിഭാഗവും സ്വഉന്നതിയുടെ പ്രായോഗിക പദ്ധതി തയാറാക്കുകയും നമ്പർ നേടുകയും വേണം. ഏതുപോലെയാണോ സംഘടനയിൽ ഒന്നിച്ചിരിക്കുന്നത്, വിദേശികൾ ആയാലും, ദേശത്തിൽ ഉള്ളവരായാലും മീററിംഗ് നടത്തുന്നു, പദ്ധതി തയ്യാറാക്കുന്നു,ബാപ്ദാദ അതിൽ തൃപ്തനാണ്, ഉന്മേഷവും ഉത്സാഹത്തോടെയും സംഘടിത രൂപത്തിൽ സേവനത്തിന്റെ പ്ലാൻ തയ്യാറാക്കുന്നത് പോലെ അത്രയും ഉന്മേഷവും ഉത്സാഹത്തോടെയും ശ്രദ്ധ നൽകി സ്വഉന്നതി

യുടെ നമ്പർ ഉണ്ടാക്കണം. ബാപ്ദാദ കേൾക്കാൻ ആഗ്രഹിക്കുന്നതിതാണ്,ഈ മാസത്തിൽ ഈ വിഭാഗത്തിലുള്ളവർ സ്വഉന്നതിയുടെ പദ്ധതി പ്രയോഗികമാക്കിയോ? ഏതെല്ലാം വിഭാഗത്തിലുള്ളവർ വന്നിട്ടുണ്ട്, എല്ലാ വിഭാഗക്കാരും കൈ ഉയർത്തൂ. ശരി. ഇത്രയും പേർ ഉണ്ടോ, വളരെയധികം പേർ വന്നിട്ടുണ്ട. 5 6 വിഭാഗക്കാർ വന്നെന്നു കേട്ടു. വന്നത് വളരെ നന്നായി. ഇനി അവസാനത്തെ ഒരു ടേൺ കൂടി ബാക്കിയുണ്ട്, ബാപ്ദാദ ഗൃഹപാഠം നൽകിയിരുന്നു. ബാപ്ദാദ ദിവസവും ഫലം നോക്കുന്നുണ്ട്, നിങ്ങൾ കരുതി അവസാനത്തെ ടേണിൽ ബാപ്ദാദ കണക്കെടുക്കും ബാപ്ദാദ ദിവസവും നോക്കുകയാണ്,ഇനിയും ബാക്കി 15 ദിവസം ഉണ്ട്. ഈ 15ദിവസം, വ്യത്യസ്ത വിഭാഗത്തിൽ വന്നിട്ടുള്ളവരും, വന്നിട്ടില്ലാത്ത വിഭാഗത്തിലെ നിമിത്തമായിരിക്കുന്ന കുട്ടികൾക്കും ബാപ്ദാദ ഈ സൂചനയാണ് തരുന്നത്,ഓരോ വിഭാഗവും തന്റെ സ്വഉന്നതിക്കായി ഏതെങ്കിലും പദ്ധതി തയ്യാറാകൂ, ഏതെങ്കിലും വിശേഷമായ ശക്തിയുടെ സ്വരൂപമാകുന്നതിന്റെ,വിശ്വമംഗളത്തിനായി പ്രകാശവും ശക്തിയും കൊടുക്കുന്നതിന്റെ ഓരോ വിഭാഗവും പരസ്പരം നിശ്ചിതമാക്കൂ, പിന്നീട് പരിശോധിക്കണം വിഭാഗത്തിലെ അംഗങ്ങൾ ആരെല്ലാമാണോ, അംഗമാകുന്നത് നല്ലതാണ്, ഓരോ അംഗവും ഒന്നാമതാകണം. ഈ വിഭാഗത്തിലെ അംഗമാണെന്നു പേര് രേഖപ്പെടുത്തിയാൽ മാത്രം പോരാ, ഈ വിഭാഗത്തിലുള്ള സ്വഉന്നതിയുടെ അംഗമാണ്. ഇത് സാധിക്കുമോ? വിഭാഗത്തിന്റെ നിമിത്തമായത് ആരൊക്കെയാണ്, നിമിത്തമായവർ എഴുന്നേൽക്കൂ. വിദേശത്തും 4 5 പേര് ആരെല്ലാമാണോനിമിത്തമായിരിക്കുന്നത്,അവർ എഴുന്നേൽക്കൂ. ബാപ്ദാദയ്ക്ക് എല്ലാവരും വളരെ ശക്തിശാലി മൂർത്തിയായി തോന്നുന്നു. വളരെ നല്ല മൂർത്തിയാണ്.നിങ്ങൾ കരുതുന്നുണ്ടോ 15 ദിവസത്തിനുള്ളിൽ എന്തെങ്കിലും ചെയ്തു കാണിക്കാം, പറയൂ, സാധിക്കുമോ? (കാര്യനിർവ്വാഹക വിഭാഗം തയ്യാറാക്കിയ പദ്ധതിയാണ് ആരും ദേഷ്യപ്പെട്ടില്ല) ഇതിന്റെ പരിശോധന ചെയ്യുകയും ചെയ്യുന്നുണ്ടോ?നിങ്ങൾ സഹോദരിമാർ (ടീച്ചേഴ്സിനോട്) ധൈര്യം വച്ചിട്ടുണ്ട് 15 ദിവസത്തിൽ പരിശോധിച്ച് ഫലം പറയാൻ സാധിക്കും.വിദേശികൾ സമ്മതിക്കുന്നു.നിങ്ങൾക്ക് എന്ത് തോന്നുന്നു, സാധിക്കുമോ? ഭാരതത്തിലുള്ളവർ പറയൂ സാധിക്കുമോ? ബാപ്ദാദയ്ക്ക് നിങ്ങൾ എല്ലാവരുടെയും മുഖം കാണുമ്പോൾ ഫലം നല്ലതാണെന്നാണ് തോന്നുന്നത്. 15 ദിവസമെങ്കിലും ശ്രദ്ധിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്താൽ ഈ അഭ്യാസം മുന്നോട്ടും ഉപയോഗം വരും.അങ്ങനെയുള്ള മീറ്റിംഗ് ചെയ്യണം,ഏത് ഗുണത്തിന്റെ, ഏത് ശക്തിയുടെ ലക്ഷ്യമാണോ നേടേണ്ടത് ഇതിൽ ബാപ്ദാദ നമ്പർ നൽകും. ബാപ്ദാദ കണ്ട് കൊണ്ടിരിക്കുകയാണ്.സ്വ സേവനത്തിൽ ഒന്നാമത് ആരെല്ലാമാണ്? ബാപ്ദാദ കണ്ടു നല്ല പദ്ധതികൾ ഉണ്ടാക്കുന്നുണ്ട്,സേവനവും സ്വ ഉന്നതിയും ഒന്നിച്ചില്ലെങ്കിൽ സേവനത്തിന്റെ പ്ലാനിൽ വേണ്ടത്ര സഫലത ഉണ്ടാകില്ല. അതിനാൽ സമയത്തിന്റെ സമീപതയെ മുന്നിൽ കണ്ടുകൊണ്ട് സേവനവും സ്വഉന്നതിയും കാമ്പയിന്റ് ആക്കൂ. സ്വഉന്നതി മാത്രം പോരാ, സേവനവും വേണം.സ്വഉന്നതിയുടെ സ്ഥിതിയിലൂടെ സേവനത്തിൽ കൂടുതൽ സഫലത ഉണ്ടാകും. സേവനത്തിന്റെയോ സ്വഉന്നതിയുടെ സഫലതയുടെ അടയാളമാണ് സ്വയം തന്റെ തന്നെ സന്തുഷ്ടത കാണും,ആരുടെയാണോ സേവനം ചെയ്യുന്നത് അവർക്കും സേവനത്തിലൂടെ സന്തുഷ്ടത അനുഭവമാകും .സ്വയത്തിനോ, ആരുടെ സേവനത്തിനാണോ നിമിത്തമായിട്ടുള്ളത് അവർക്കോ സന്തുഷ്ടത അനുഭവമാകുന്നില്ലെങ്കിൽ സഫലത കുറവും സേവനം കൂടുതലും ചെയ്യേണ്ടതായി വരും.

നിങ്ങൾക്ക് എല്ലാവർക്കും അറിയാം സേവനത്തിലും സ്വ ഉന്നതിയിലും സഹജമായി സഫലത പ്രാപ്തമാക്കുന്നതിനുള്ള സ്വർണ്ണിമ താക്കോൽ ഏതാണ്? എല്ലാവർക്കും അനുഭവം ഉണ്ട്. സ്വർണ്ണിമ താക്കോൽ ആണ് പെരുമാറ്റത്തിലും,മുഖത്തും,സംബന്ധ സമ്പർക്കത്തിലും നിമിത്തഭാവം, നിർമ്മാന ഭാവം, നിർമ്മല വാണി. ബ്രഹ്മബാബയെയും ജഗദംബയേയും കണ്ടില്ലേ,ഇപ്പോഴും എവിടെയെങ്കിലും സേവനത്തിൽ സഫലതയുടെ ശതമാനം വരുന്നുണ്ടെങ്കിൽ അതിന്റെ കാരണം എന്താണ്, ആര് എത്രയ്ക്ക് ആഗ്രഹിക്കുന്നുവോ, എത്ര പദ്ധതി തയ്യാറാക്കുന്നു, അതിൽ ശതമാനം വരുന്നതെന്തു കൊണ്ടാണ്? ബാപ്ദാദ കൂടുതൽ പേരിലും കണ്ട കാരണമാണ്,സഫലത കുറയുന്നതിന്റെ കാരണമാണ് ഒരു വാക്ക്, അത് ഏതാണ്?ഞാൻ. ഞാൻ എന്ന വാക്ക് മൂന്ന് തരത്തിൽ ഉപയോഗിക്കുന്നു. ദേഹി അഭിമാനിയിലും ഞാൻ ആത്മാവാണ്, ഞാൻ എന്ന വാക്ക് വരുന്നുണ്ട്.ദേഹാഭിമാനത്തിലും ഞാൻ എന്താണോ പറയുന്നത്, ചെയ്യുന്നത്,അതാണ് ശരി . ഞാൻ ബുദ്ധിമാനാണ്, ഇത് പരിധിയുള്ള ഞാൻ ആണ്,ഞാൻ ദേഹാഭിമാനത്തിലും ഞാൻ വരുന്നുണ്ട്. മൂന്നാമത്തെ ഞാൻ ആണ്, ആരെങ്കിലും മനസ്സ് തകർന്നവരാകുമ്പോഴും ഞാൻ വരുന്നു. എനിക്ക് ഇത് ചെയ്യാൻ സാധിക്കില്ല, എനിക്ക് ധൈര്യം ഇല്ല. എനിക്ക് ഇത് കേൾക്കാൻ സാധിക്കില്ല, എനിക്ക് ഇത് ഉൾകൊള്ളാൻ കഴിയില്ല.... ബാപ്ദാദ മൂന്ന് പ്രകാരത്തിലുള്ള ഞാൻ ഞാൻ എന്ന ഗീതം ധാരാളം കേട്ടു. ബ്രഹ്മബാബയും ജഗദംബയും ഏത് നമ്പർ നേടിയോ, അതിന്റെ വിശേഷത ഇതാണ് തലകീഴായ ഞാൻ എന്ന ഭാവം ഇല്ല, അതിന്റെ അറിവും ഇല്ല. ബ്രഹ്മബാബ ഒരിക്കലും ഇങ്ങനെ പറഞ്ഞില്ല ഞാൻ നിർദ്ദേശം നൽകുന്നു, ഞാനാണ് ശരി, ബാബ, ബാബ... ബാബ ചെയ്യിപ്പിക്കുകയാണ്.ഞാൻ അല്ല ചെയ്യുന്നത്. ഞാൻ മിടുക്കൻ അല്ല, കുട്ടികൾ മിടുക്കന്മാരാണ്. ജഗദംബയുടെയും സ്ലോഗൻ ഓർമ്മയുണ്ടോ? പഴയവർക്ക് ഓർമ്മ ഉണ്ടാകും. ജഗദംബ ഇതാണ് പറയുന്നത് ആജ്ഞ നൽകുന്നവന്റെ ആജ്ഞ നടത്തിച്ചുകൊണ്ടിരിക്കു

ന്നു. ഞാൻ അല്ല, നടത്തിക്കുന്ന ബാബയാണ് നടത്തുന്നത്.ചെയ്യിപ്പിക്കുന്നവനായ ബാബ ചെയ്യിപ്പിക്കുകയാണ്. ഞാൻ ചെയ്യുന്നതല്ല. ആദ്യമേ ഉള്ളിൽ നിന്ന് ഈ അഭിമാനത്തിന്റെയും അപമാനത്തിന്റെയും ഞാൻ എന്ന ഭാവം സമാപ്തമാക്കി മുന്നോട്ട് പോകൂ. സ്വാഭാവികമായി ഓരോ കാര്യത്തിലും ബാബ,ബാബ എന്ന് വരണം. സ്വാഭാവികമായി വരണം,ബാബയ്ക്ക് സമാനമാകുന്നതിന്റെ സങ്കൽപം എല്ലാവരും എടുത്തിട്ടുള്ളതാണ്.സമാനമാകുന്നതിൽ രാജകീയ ഞാൻ എന്നഭാവം കത്തിച്ചു കളയൂ. ശരി. ദേഷ്യപ്പെടുകയും ചെയ്യരുത്. ദേഷ്യം വരുന്നതെന്തു കൊണ്ടാണ്? ഞാൻ എന്ന ഭാവം വരുന്നത് കൊണ്ട്.
ഹോളി ആഘോഷിക്കാൻ വന്നതല്ലേ? ആദ്യം ഏത് ഹോളിയാണ് ആഘോഷിക്കുന്നത്?കത്തിക്കുന്നതിന്റെ. വളരെ നല്ലവരാണ്, വളരെ യോഗ്യരാണ്. ബാബയുടെ ആശയുടെ ദീപമാണ്, ഈ കുറച്ച് ഞാൻ എന്നുള്ളത് മുറിച്ച് കളയൂ. രണ്ടു ഞാൻ കളയൂ, ഒരു ഞാൻ വയ്ക്കൂ. എന്ത്കൊണ്ട്?ബാപ് ദാദ കാണുന്നുണ്ട് താങ്കളുടെ അനേക സഹോദരി സഹോദരന്മാർ, ബ്രാഹ്മണർ അല്ല അജ്ഞാനികളായ ആത്മാക്കൾ, സ്വന്തം ജീവിതത്തതിൽ ധൈര്യം നഷ്ടപ്പെട്ടവർ. ഇപ്പോൾ അവർക്ക് ധൈര്യത്തിന്റെ ചിറകുകൾ നൽകണം. ആശ്രയം ഇല്ലാത്തവരായി മാറി,പ്രതീക്ഷ ഇല്ലാത്തവരായി മാറി. ഹേ ദയഹൃദയരെ, കൃപയും ദയയും ചെയ്യുന്ന വിശ്വത്തിലെ ആത്മാക്കളുടെ ഇഷ്ട ദേവ ആത്മാക്കളെ, തന്റെ ശുഭ ഭാവനയും,ദയയുടെ ഭാവനയും ആത്മ ഭാവനയിലും കൂടി അവരുടെ ഭാവനകളെ പൂർത്തിയാക്കൂ. നിങ്ങൾക്ക് ദുഃഖത്തിന്റെയും അശാന്തിയുടെയും വൈബ്രേഷൻ വരുന്നില്ലേ. നിമിത്ത ആത്മാക്കളാണ്, പൂർവ്വജരാണ്,പൂജ്യരാണ്, വൃക്ഷത്തിന്റെ തായ്തടിയാണ്, അടിത്തറയാണ്. എല്ലാവരും നിങ്ങളെ അന്വേഷിക്കുകയാണ്. ഞങ്ങളുടെ രക്ഷകർ എവിടെ പോയി! ഞങ്ങളുടെ ഇഷ്ട ദേവതകൾ എവിടെ, ഒരുപാടു വിളികൾ ബാബ കേൾക്കുന്നുണ്ട്. ഇപ്പോൾ സ്വഉന്നതിയിലൂടെ വ്യത്യസ്ത ശക്തികളുടെ സകാശ് നൽകൂ. ധൈര്യത്തിന്റെ ചിറകു നൽകൂ, ആനന്ദത്തിന്റെ നിറം പിടിപ്പിക്കൂ. നിങ്ങൾ പരമാത്മാവിന്റെ കൂട്ടികെട്ടിന്റെ നിറത്തിൽ വന്നു കഴിഞ്ഞു.അന്യ ആത്മാക്കൾക്കും കുറച്ച് ആധ്യാത്മികതയുടെ നിറത്തിന്റെ അനുഭവം ചെയ്യിപ്പിയ്ക്കൂ. പരമാത്മ മിലനത്തിന്റെ, മംഗള മേളയുടെ അനുഭവം ചെയ്യിപ്പിക്കൂ. അലയുന്ന ആത്മാക്കൾക്ക് ലക്ഷ്യത്തിലേക്കുള്ള വഴി പറഞ്ഞുകൊടുക്കൂ.
സ്വഉന്നതിയുടെ പദ്ധതി തയ്യാറാക്കി, ഇതിൽ സ്വന്തം നിരീക്ഷകനായി പരിശോധിക്കണം, രാജകീയ ഞാൻ എന്ന ഭാവം വരുന്നില്ലല്ലോ. ഇന്ന് ഹോളി ആഘോഷിക്കുവാനാണ് വന്നിട്ടുള്ളത്.ഇന്ന് ബാപ്ദാദ ഈ സങ്കല്പമാണ് തരുന്നത് ദേഹാഭിമാനത്തിന്റെയും അപമാനത്തിന്റെയും ഞാൻ, നിരാശയുടെ ഞാൻ, ഇതിനെ കത്തിച്ചിട്ടു പോകണം , കൂടെ കൊണ്ട് പോകരുത്. എന്തെങ്കിലും കത്തിക്കണമല്ലോ. അഗ്നി ജ്വലിപ്പിക്കുമോ? ജ്വാലാ മുഖി യോഗ അഗ്നി ജ്വലിപ്പിയ്ക്കണം. കത്തിയ്ക്കാൻ അറിയാമോ? ജ്വാലാമുഖി യോഗം, ചെയ്യാൻ അറിയാമോ, അതോ സാധാരണ യോഗമാണോ അറിയുന്നത്? ജ്വാലാമുഖിയാകൂ.ലൈറ്റ് മൈറ്റ് ഹൗസ്.ഇത് ഇഷ്ടമല്ലേ?ദയവായി ശ്രദ്ധിക്കൂ, ഞാൻ എന്നഭാവം കത്തിയ്ക്കൂ.
ഞാൻ ഞാൻ എന്ന പാട്ട് കേൾക്കുമ്പോൾ ബാപ്ദാദ സ്വിച് ഓഫാക്കുന്നു. ആഹാ!ആഹാ! എന്ന പാട്ട് ഉയരുമ്പോൾ ശബ്ദം കൂട്ടുന്നു. ഞാൻ ഞാൻ എന്നത് വളരെയധികം പിരിമുറുക്കം ഉണ്ടാകുന്നു. ഓരോ കാര്യത്തിലും പിരിമുറുക്കമുണ്ടാക്കും ഇത് അല്ല, അതല്ല,അങ്ങനെയല്ല, ഇങ്ങനെയല്ല. ബുദ്ധിമുട്ട് ഉണ്ടാകുന്നതു കാരണം പിരിമുറുക്കം അനുഭവപ്പെടുന്നു. ചായ്‌വ്, പിരിമുറുക്കം, സ്വഭാവം തലകീഴായ സ്വഭാവം ഇതൊന്നും ബാപ്ദാദയ്ക്ക് ഇഷ്ടമല്ല. സ്വഭാവം എന്ന വാക്ക് വളരെ നല്ലതാണ്. സ്വയത്തിന്റെ ഭാവമാണ് സ്വഭാവം. അതിനെ വിപരീതമാക്കി. കാര്യങ്ങളെ വലിച്ച് നീട്ടരുത്,തന്റെ നേർക്ക് ആകർഷിക്കരുത്. അതും വളരെ പിരിമുറുക്കമുണ്ടാക്കും. നിങ്ങളോട് ആര് എത്ര പറഞ്ഞാലും തന്റെ നേർക്ക് ആകർഷിതരാക്കരുത്. കാര്യങ്ങൾ വലിച്ചുനീട്ടരുത്, തന്റെ നേർക്ക് വലിക്കരുത്, ബുദ്ധിമുട്ടുകൾ എല്ലാം സമാപ്തം.ബാബ, ബാബ , ബാബാ മാത്രം. ഇഷടമല്ലേ! തലകീഴായ ഞാൻ എന്ന ഭാവം ഇവിടെ ഉപേക്ഷിച്ചു പോകണം, കൂടെ കൊണ്ട്പോകരുത്, ട്രെയിനിൽ ഭാരം കൂടുതലാകും. നിങ്ങളുടെ പാട്ട് ആണ് ഞാൻ ബാബയുടേതാണ്, ബാബ എന്റേതാണ്. അല്ലെ! ഒരു ഞാൻ വയ്ക്കൂ, രണ്ടു ഞാൻ സമാപ്തമാക്കൂ. ഹോളി ആഘോഷിച്ചു, സങ്കല്പത്തിൽ കത്തിച്ചു കളഞ്ഞു? ഇപ്പോൾ സങ്കല്പം വയ്ക്കണം. സങ്കല്പം ചെയ്തോ?കൈ ഉയർത്തൂ . ചെയ്തോ അതോ കുറച്ചുകുറച്ച് ബാക്കിയുണ്ടോ? കുറച്ച് സമ്മതിക്കുമോ? കുറച്ച് സമ്മതിക്കാം എന്നാണെങ്കിൽ കൈ ഉയർത്തൂ.കുറച്ചു ബാക്കിയുണ്ടാകുമോ അതോ ഇല്ലയോ?നിങ്ങൾ വളരെ ധൈര്യശാലിയാണ്. ആശംസകൾ. സന്തോഷത്തിൽ നൃത്തം ചെയ്യൂ, പാട്ട് പാടൂ. സമ്മർദ്ദത്തിൽ അല്ല,പിരിമുറുക്കം ഇല്ല. ശരി.

ഇപ്പോൾ സെക്കന്റിൽ നമ്മുടെ മനസിലുള്ള സങ്കല്പങ്ങളെ സമാപ്തമാക്കി ഒരു സെക്കന്റിൽ ബാബയോടൊപ്പം പരംധാമിൽ ഏറ്റവും ഉയർന്ന സ്ഥാനത്ത്,ഏറ്റവും ഉയർന്ന ബാബയുടെ കൂടെ ഏറ്റവും ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. ബാബയ്ക്ക് സമാനം മാസ്റ്റർ സർവ്വശക്തിവനായി വിശ്വത്തിലെ ആത്മാക്കൾക്ക് ശക്തിയുടെ കിരണങ്ങൾ നൽകൂ. ശരി.

നാനാഭാഗത്തേയും ഹോളിയെസ്റ്റും, ഹൈയെസ്റ്റും ആയ കുട്ടികൾക്ക്, സർവ്വ വിശ്വകല്യാണകാരി വിശേഷ ആത്മാക്കൾക്ക്, സർവ്വ പൂർവ്വജരും പൂജ്യരുമായ ആത്മാക്കൾക്ക്, ബാബയുടെ ഹൃദയ സിംഹാസനസ്ഥ രായ സർവ്വ കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹസ്മരണകളും ഹൃദയത്തിലെ ആശീർവ്വാദങ്ങളോ ടൊപ്പം, ഹൃദയത്തിന്റെ വാത്സല്യവും നമസ്തേയും.

വളരെ ദൂരെ നിന്ന് വന്നിട്ടുള്ള കത്തുകൾ, കാർഡുകൾ,ഇമെയിലുകൾ, കമ്പ്യൂട്ടറിലൂടെയുള്ള സന്ദേശ ങ്ങൾ ബാപ്ദാദയ്ക്ക് കിട്ടി, ബാപ്ദാദ ആ കുട്ടികളെയും സന്മുഖത്ത് കണ്ടു കോടിമടങ്ങു ആശംസകൾ തരുന്നു.

## വരദാനം:- തന്റെ പൂർവ്വജ സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സർവ്വ ആത്മാക്കളെയും ശ ക്തിശാലിയാക്കുന്ന ആധാരമൂർത്തിയും ഉദ്ദാരമൂർത്തിയുമായി ഭവിക്കട്ടെ.

ഈ സൃഷ്ടി വൃക്ഷത്തിന്റെ തായ് തടി, സർവ്വരുടേയും പൂർവ്വജർ ബ്രാഹ്മണരിൽ നിന്നും ദേവതയാകുന്ന താങ്കളാണ്. ഓരോ കർമ്മത്തിനും ആധാരം, മര്യാദകളുടെ ആധാരം, ആചാരങ്ങളുടെ ചടങ്ങുകളുടെ ആ ധാരം, പൂർവജ ആത്മാക്കളായ നിങ്ങൾ ആധാരവും ഉദ്ധാരമൂർത്തിയുമാണ്. നിങ്ങളാകുന്ന തായ്തടിയി ലൂടെയാണ് സർവ്വ ആത്മാക്കൾക്കും ശ്രേഷ്ഠ സങ്കല്പങ്ങളുടെ ശക്തിയും സർവ്വ ശക്തികളും പ്രാപ്തമാ കുന്നത്. താങ്കളെ എല്ലാവരും ഫോളോ ചെയ്യുന്നു അതിനാൽ ഇത്രയും വലിയ ഉത്തരവാദിത്വം മനസിലാ ക്കി കൊണ്ട് സങ്കല്പവും കർമ്മവും ചെയ്യൂ, പൂർവ്വജ ആത്മാക്കളായ താങ്കളുടെ ആധാരത്തിലാണ് സൃ ഷ്ടിയുടെയും സമയത്തിന്റെയും സ്ഥിതിയുടെയും ആധാരം.

## സ്ലോഗൻ: - ആരാണോ സർവ്വ ശക്തികളുടെയും കിരണങ്ങളെ നാനാഭാഗത്തും വ്യാപി പ്പിക്കുന്നത് അവരാണ് മാസ്റ്റർ ജ്ഞാന സൂര്യൻ.

**അവ്യക്ത സൂചന- സങ്കല്പങ്ങളുടെ ശക്തി ശേഖരിച്ചു ശ്രേഷ്ഠ സേവനത്തിനു നിമിത്തമാകൂ.**
മൂന്ന് വാക്കുകൾ കാരണം നിയന്ത്രണ ശക്തിയും, ഭരണ ശക്തിയും കുറയുന്നു. ആ മൂന്ന് ശബ്ദങ്ങളാണ് 1.എന്ത് കൊണ്ട് (വൈ) 2. എന്ത് (വാട്ട്) 3. വേണം (വേണം) ഈ മൂന്ന് വാക്കുകൾ സമാപ്തമാക്കി ഒരു വാ ക്ക് മാത്രം പറയൂ. ആഹാ എങ്കിൽ നിയന്ത്രണ ശക്തി വരും, പിന്നെ സങ്കല്പ ശക്തിയിലൂടെ പരിധിയില്ലാ ത്ത സേവനത്തിനു നിമിത്തമാകാൻ കഴിയും.